യൂണിറ്റുകൾ മുഖേന ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിദഗ്ദ്ധ ഗൈനക്കോളജിസ്റ്റുകളുടെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 3 വയസ്സിന് താഴെയുള്ള തൂക്കക്കുറവുള്ള കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തിവരുന്നു. വിവാഹം കഴിഞ്ഞിട്ടുള്ള പെൺകുട്ടികൾക്കും ഗർഭിണികൾക്കും അയൺ ഗുളികകൾ വിതരണം ചെയ്യുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർ മുഖേന ഗർഭിണികളെ പ്രത്യേകമായി പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷം ആരോഗ്യ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 433.52 ലക്ഷത്തിൽ 216.75 ലക്ഷം രൂപ ആരോഗ്യ വകുപ്പ് ഇതുവരെയും ചെലവഴിച്ചിട്ടുണ്ട്.

ആദിവാസികൾക്ക് വായ്പ

280 (4271) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്ക് വനഭൂമിയുടെ മേൽ ആദായമുള്ള വസ്തുവിന്മേൽ വിവാഹം, ഭവന നിർമ്മാണം, വാഹനം തുടങ്ങിയവയ്ക്കായി വായ്പ അനുവദിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് സ്വന്തം ജാമ്യത്തിൽ എസ്.റ്റി. ഡിപ്പാർട്ട്മെന്റിൽ നിന്നും വായ്പ നൽകാറുണ്ടോ; ഇവരിൽ ഭൂരഹിതരായവർക്ക് ഭവനനിർമ്മാണത്തിനായി ആവശ്യമുള്ള തുക വായ്പയായി അനുവദിക്കുമോ;

(സി) ആദിവാസി വിഭാഗങ്ങൾക്ക് കൈവശമിരിക്കുന്ന വസ്തുവിന്റെ ഈടിന്മേൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനഭൂമിയുടെ മേൽ, ആദായമുള്ള വസ്തുവിൻമേൽ വിവാഹം, ഭവന നിർമ്മാണം, വാഹനം വാങ്ങൽ എന്നിവയ്ക്കായി വായ്പ അനുവദിക്കാൻ നിലവിൽ നിയമമില്ല.

(ബി) ഇല്ല. ഇവർക്ക് ഭവന നിർമ്മാണ വായ്പ നിലവിലെ നിയമപ്രകാരം അനുവദനീയമല്ല.

(സി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly